"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി- സർവീസ് റൂൾസ് & റഗുലേഷൻസ് - ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(കൈ) നം.4/2025/PPAD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. 28.10.2020 തീയതിയിലെ ജി.ഒ.(പി) നം.16/2020/പി&എആർഡി
2. 20.03.2023 തീയതിയിലെ സ.ഉ.(കൈ) നം. 2/2023/SPD

   കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ്
3. ഡയറക്ടറുടെ 04.04.2025 തീയതിയിലെ P&A3/577-A/2025/1538 നമ്പർ കത്ത്

**ഉത്തരവ്**

കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ പ്രാബല്യത്തിൽ ഉള്ളതായ 50 തസ്തികകൾക്ക് മാത്രം ബാധകമായ സർവീസ് റൂൾസ് പ്രസിദ്ധീകരിക്കുന്നതിന് പരാമർശം രണ്ട് പ്രകാരം മാനേജിങ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം മാനേജർ (പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ) എന്ന തസ്തികയ്ക്ക് നിശ്ചയിച്ച യോഗ്യത പ്രകാരം നിയമനം നടത്തുന്നതിനായുള്ള അപേക്ഷ ക്ഷണിക്കുമ്പോൾ വളരെ കുറഞ്ഞ എണ്ണം ഉദ്യോഗാർത്ഥികളുടെ അപേക്ഷകളെ ലഭിക്കാറുള്ളു എന്നും നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതപ്രകാരമുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെന്ന് പ്രൊഫഷണൽ എംപ്ലോയ്മെന്റ് അറിയിച്ചുവെന്നും ആയതിനാൽ ടി തസ്തികയുടെ യോഗ്യതയിൽ ഭേദഗതി വരുത്തണമെന്നും പരാമർശം രണ്ട് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ നടത്തുന്ന ACMA/FCMA (Associate Cost and Management Accountant/Fellow Cost and Management Accountant) പോലുള്ള കോഴ്സുകൾ, വിവിധ വകുപ്പുകൾ/പിഎസ് യു/ഇൻസ്റ്റിറ്റ്യൂഷനുകളിലെ നിയമനങ്ങളിലേയ്ക്ക് ചാർട്ടേഡ് അക്കൗണ്ടൻസി ( CA ) യ്ക്ക് തുല്യമായി പരിഗണിക്കാമെന്നുള്ളതിനാൽ കൺട്രോളർ ഓഫ് ഫിനാൻസ് & അക്കൗണ്ട്സ് എന്ന തസ്തികയുടെ യോഗ്യതയിലും ഭേദഗതി വരുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം മൂന്ന് പ്രകാരം കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിങ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം ഒന്ന് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ സർവീസ് റൂൾസ് & റഗുലേഷൻസ് Rule - 6. Educational Qualifications BRANCH-I ൽ Category 2,3 തസ്തികകളായ Manager (Personnel & Administration ) തസ്തികയുടെയും Controller of Finance & Accounts തസ്തികയുടെയും യോഗ്യത ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരിഷ്കരിച്ച് പരാമർശം രണ്ട് ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ടും ആയത് പ്രസിദ്ധീകരിക്കുന്നതിന് കേരള ബുക്സ് &

പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിങ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

BRANCH-I

HEADS OF THE DEPARTMENTS

| No. | Category | Method of Appointment | Qualification |
|---|---|---|---|
| 2. | Manager (Personnel & Administration ) | By Direct Recruitment | 1. B.Tech/BE in Mechanical or Electrical /Electrical & Electronics Engineering with first class.<br>2. Two years MBA / PGDM with first class - Regular full time course .<br>3. Eight years of experience in an Industrial Organization of repute of which 5 years should be in the Managerial Cadre. |
| 3. | Controller of Finance & Accounts | By Direct Recruitment | 1. Associate or Fellow of the Institute of Chartered Accountants.<br>2. Eight years of experience in a Commercial Organization of repute of which 5 years should be in the Managerial Cadre. |
| | The upper age limit for these posts is 45 years. | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിങ് ഡയറക്ടർ , കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി- 682030
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്I/II) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

4. ധനകാര്യ വകുപ്പ്
5. ഇൻഫമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി. ആർ. ഡി
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Seetha K M

Date: 22-12-2025 15:28:34

സെക്ഷൻ ഓഫീസർ